**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 201** **08-08-2023 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ വെന്റിലേറ്റർ ഉൾപ്പെടെയുള്ള അത്യാധുനിക സൗകര്യങ്ങൾ നിലവിലുണ്ടായിട്ടും മാതൃശിശു വിഭാഗത്തിൽ തീവ്രപരിചരണ വിഭാഗം പ്രവർത്തിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ മാതൃശിശു വിഭാഗത്തിൽ ഫയർ ആന്റ് സേഫ്റ്റി സംവിധാനം ഏർപ്പെടുത്തുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല. പൂർത്തിയാകുന്ന മുറയ്ക്ക് ന്യൂ ബോൺ പീഡിയാട്രിക് ഐ.സി.യു പ്രവർത്തിപ്പിക്കാൻ കഴിയും. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ മാതൃശിശു വിഭാഗത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | മറുപടി എ പിരിവിൽ രേഖപ്പെടുത്തിയിട്ടുണ്ട് |
| (സി) | പ്രസ്തുത ആശുപത്രിയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | ഈ സ്ഥാപനത്തിൽ 4 ഗൈനക്കോളജി ഡോക്ടർമാർ ഉണ്ട്. ഒരു ഡോക്ടറുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കുന്നുണ്ട്. അനസ്തേഷ്യ കൺസൾട്ടന്റ് ദീർഘ കാലാവധിയിൽ ആയതിനാൽ നിലവിൽ ഒരു ഡോക്ടറിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. എൻ.എച്ച്.എം മുഖേന നിയമിച്ച ഡോക്ടർ വിട്ടുതൽ ചെയ്ത് പോയതിനാൽ മറ്റൊരു ഡോക്ടറെ നിയമിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ JSSKപദ്ധതിയിൽ ഉൾപ്പെടുത്തി അനസ്തസിസ്റ്റ് പാനൽ തയ്യാറാക്കി ഓൺ കോൾ ഡ്യൂട്ടി വഴി സേവനം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ആശുപത്രിയിൽ പ്രസവ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള എല്ലാ ശസ്ത്രക്രിയകളും ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസങ്ങളിൽ മാത്രമാണ് നടക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാ ദിവസവും ശസ്ത്രക്രിയകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഫയർ ആന്റ് സേഫ്റ്റി പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് എൻ.എച്ച്.എം മുഖേന അനസ്തേഷ്യ ഡോക്ടറുടെ സേവനം ലഭ്യമാക്കി കൂടുതൽ സർജറികൾ നടത്തുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ